# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**5819** 28/03/2018-ൽ മറുപടിക്ക്

## **പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ ടി വി ഇബ്രാഹിം** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| എ) | 2018-ലെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ, | എ) | കേരളത്തിൽ 2018 മാർച്ച് 11 നാണ് പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തു മാർച്ച് 11-ാം തീയതി ആരോഗ്യ സ്ഥാപനങ്ങളിലും സബ് സെന്ററുകളിലും തെരഞ്ഞെടുക്കപ്പെട്ട അംഗൻവാടി, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് തുടങ്ങിയ സ്ഥലങ്ങളിൽ പൾസ് പോളിയോ ബൂത്ത് തുറക്കുകയും അഞ്ചു വയസിൽ താഴെയുള്ള കുട്ടികൾക്ക് പോളിയോ തുള്ളി മരുന്ന് നൽകുകയും ചെയ്തു. ഇത് കൂടാതെ മൊബൈൽ ബൂത്ത് വഴിയും പോളിയോ തുള്ളി മരുന്ന് നൽകി. തുടർന്ന് മാർച്ച് 12, 13 തീയതികളിൽ ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫും മറ്റു ആരോഗ്യ പ്രവർത്തകരും വീടുകൾ സന്ദർശിക്കുകയും ബൂത്തിൽ വന്നു പോളിയോ തുള്ളി മരുന്ന് എടുക്കാത്ത കുട്ടികൾക്ക് തുള്ളി മരുന്ന് നൽകുകയും ചെയ്തു. സംസ്ഥാനത്തൊട്ടാകെ 96.6% കുട്ടികൾക്ക് പോളിയോ തുള്ളി മരുന്ന് നൽകി. |
| ബി) | ഈ വർഷം മാർച്ച് 20 വരെ എത്ര ശതമാനം കുട്ടികൾക്ക് പൾസ് പോളിയോ നൽകിയെന്ന് ജില്ല തിരിച്ച | ബി) | പോളിയോ തുള്ളി മരുന്ന് നൽകിയ കുട്ടികളുടെ ജില്ല തിരിച്ചുള്ള കണക്ക്- |

അറിയിക്കാമോ;

| Sl. No | District | Target | Achievement | % of Achievement |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 231324 | 230058 | 99.5 |
| 2 | കൊല്ലം | 188424 | 180865 | 96.0 |
| 3 | പത്തനംതിട്ട | 73677 | 71619 | 97.2 |
| 4 | ആലപ്പുഴ | 137818 | 134892 | 97.9 |
| 5 | കോട്ടയം | 121424 | 117157 | 96.5 |
| 6 | ഇടുക്കി | 75313 | 72934 | 96.8 |
| 7 | എറണാകുളം | 210013 | 210366 | 100.2 |
| 8 | തൃശ്ശൂർ | 223047 | 216078 | 96.9 |
| 9 | പാലക്കാട് | 229119 | 221410 | 96.6 |
| 10 | മലപ്പുറം | 440799 | 417396 | 94.7 |
| 11 | കോഴിക്കോട് | 239780 | 225089 | 93.9 |
| 12 | വയനാട് | 67525 | 62557 | 92.6 |
| 13 | കണ്ണൂർ | 187233 | 183286 | 97.9 |
| 14 | കാസറഗോഡ് | 121073 | 116017 | 95.8 |
| Total | | 2546569 | 2459724 | 96.6 |

(സി) ഈ വർഷത്തെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് വേണ്ടി ഓരോ ജില്ലക്കും, ഓരോ പ്രാഥമികാരോഗ്യ കേന്ദ്രത്തിനും അനുവദിച്ച തുക എത്രയെന്നു അറിയിക്കാമോ;

(സി) ഈ വർഷം പൾസ് പോളിയോ ഇമ്മ്യൂണൈസേഷന്റെ പ്രോഗ്രാമിന് വേണ്ടി ഓരോ ജില്ലക്കും അനുവദിച്ച തുക ചുവടെ നൽകുന്നു .

| Sl. No. | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 2066030 |
| 2 | കൊല്ലം | 1736310 |
| 3 | പത്തനംതിട്ട | 737250 |
| 4 | ആലപ്പുഴ | 1358091 |
| 5 | കോട്ടയം | 797508 |
| 6 | ഇടുക്കി | 889093 |
| 7 | എറണാകുളം | 1761203 |

| | | | |
|---|---|---|---|
| 8 | തൃശ്ശൂർ | 1949234 |
| 9 | പാലക്കാട് | 1580757 |
| 10 | മലപ്പുറം | 3005749 |
| 11 | കോഴിക്കോട് | 1979107 |
| 12 | വയനാട് | 480897 |
| 13 | കണ്ണൂർ | 1401999 |
| 14 | കാസറഗോഡ് | 1068536 |
| | ആകെ | **20811764** |

| | | | |
|---|---|---|---|
| ഡി) | ഇത്തരം തുകയിൽ നിന്ന് പ്രാഥമികാരോഗ്യ കേന്ദ്രത്തിനു ഏതെല്ലാം കാര്യത്തിന് ചെലവഴിക്കാം , വിശദാംശങ്ങൾ അറിയിക്കാമോ; | ഡി) | താഴെ പറയുന്ന കാര്യങ്ങൾക്കു ഈ തുക ഉപയോഗിക്കാവുന്നതാണ്.<br>-പരിശീലന പരിപാടികൾക്ക്<br>-ബൂത്ത് മൊബിലൈസേഷൻ<br>-സൂപ്പർവൈസർമാർക്ക്<br>-ഹൌസ് ടു ഹൌസ് ടീം<br>-ട്രാൻസിറ്റ് ബൂത്ത്<br>-വാഹനം -പി ഓ എൽ<br>-ബൂത്ത് കണ്ടിജൻസി<br>-ബൂത്ത് സ്റ്റേഷനറി<br>-മൈക്ക് അനൗൺസിങ്<br>-ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ |
| ഇ) | ഈ പ്രോഗ്രാം നൂറു ശതമാനത്തിലെത്തിക്കാൻ കൈകൊണ്ട നടപടികൾ വിശദീകരിക്കാമോ? | ഇ) | പൾസ് പോളിയോ പ്രോഗ്രാമിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി ജില്ല കളക്ടർമാരുടെ അധ്യക്ഷതയിൽ കർമ്മ സമിതി യോഗം നടത്തി. പത്രക്കാരെ ഉൾപ്പെടുത്തി പ്രസ് കോൺഫറൻസ് നടത്തി. പ്രോഗ്രാമിന്റെ പ്രചാരത്തിനായി പ്രത്യേക ഓഡിയോ സി.ഡി. തയാറാക്കി. ആരോഗ്യ കേന്ദ്രങ്ങൾ വഴി ഉച്ചഭാഷിണി പ്രചാരണം നടത്തി. |

| | | | | |
|---|---|---|---|---|
| | | | | മെഡിക്കൽ ഓഫീസർമാർ, അർബൻ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരടക്കമുള്ള ആരോഗ്യ പ്രവർത്തകർ, ആശാവർക്കർമാർ, അംഗനവാടി പ്രവർത്തകർ എന്നിവർക്കെല്ലാം പ്രത്യേകം പരിശീലനം നൽകി. പോസ്റ്ററുകളും ബാനറുകളും ജില്ലകളിലുടനീളം പ്രദർശിപ്പിച്ചു. പൾസ് പോളിയോ പ്രോഗ്രാമിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി ആവശ്യമായ വാഹനങ്ങൾ സജ്ജമാക്കി. ഏരിയ തിരിച്ചു സൂപ്പർവൈസർമാരെയും വാളന്റിയർമാരേയും നിയോഗിച്ചു. ബസ്റ്റാന്റ് ,റെയിൽവേ സ്റ്റേഷൻ എന്നിങ്ങനെയുള്ള സ്ഥലങ്ങളിൽ പൾസ് പോളിയോ ട്രാൻസിറ്റ് ബൂത്തുകൾ സജ്ജമാക്കി. രണ്ടും മൂന്നും ദിവസങ്ങളിൽ ആരോഗ്യ പ്രവർത്തകർ വീടുകൾ തോറും സന്ദർശിച്ചു തുള്ളിമരുന്ന് നൽകാത്ത കുഞ്ഞുങ്ങളെ കണ്ടെത്തി അവർക്കും മരുന്ന് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തി |

സെക്ഷൻ ഓഫീസർ